ഉത്തരവ് തൽക്കാലത്തേയ്ക്ക് മരവിപ്പിച്ചു. വിദ്യാഭ്യാസ സംവരണം സംബന്ധിച്ച് രണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചെങ്കിലും പൊതു തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതു കാരണം അവ നടപ്പിലാക്കാനോ കൂടുതൽ വ്യക്തമാക്കാനോ കഴിഞ്ഞില്ല. അതിനാൽ കോളേജ് പ്രവേശനം സംബന്ധിച്ച് നിരവധി സംശയങ്ങൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടറും സർവ്വകലാശാലകളും ഉന്നയിച്ചു. ഇക്കൊല്ലത്തെ പ്രവേശന നടപടികൾ ആരംഭിച്ചതിനാൽ പുതിയ ഉത്തരവുകൾ സൃഷ്ടിക്കുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് തൽക്കാലം നടപ്പാക്കേണ്ടതില്ല എന്നും നിലവിലുള്ള സംവരണ വ്യവസ്ഥകൾ തുടരാനും തീരുമാനിച്ചു.

## കോളേജിയറ്റ് എഡ്യൂക്കേഷൻ വകുപ്പിൽ അദ്ധ്യാപകരുടെ ട്രാൻസ്ഫറുകൾക്ക് പൊതു ചട്ടങ്ങൾ

34 [749] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജിയറ്റ് എഡ്യൂക്കേഷൻ വകുപ്പിൽ അദ്ധ്യാപകരുടെ ട്രാൻസ്ഫറുകൾക്ക് പൊതു ചട്ടങ്ങൾ ബാധകമാണോ;

(ബി) റിട്ടയർമെന്റിന് രണ്ടു വർഷം മാത്രം സർവ്വീസുള്ളവർക്ക് സ്വദേശത്ത് നിയമനം കൊടുക്കാമെന്ന് സർവ്വീസ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(സി) തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ ഹിസ്റ്ററി ഡിപ്പാർട്ടുമെന്റിൽനിന്നും ഡോ. കാർത്തികേയൻ നായർ ഹയർ സെക്കന്ററി എഡ്യൂക്കേഷൻ ഡയറക്ടറായി നിയമിക്കപ്പെട്ടതിനെ തുടർന്ന് ഒഴിവ് വന്ന സ്ഥാനത്ത് റിട്ടയർമെന്റ് പ്രൊട്ടക്ഷൻ ആനുകൂല്യപ്രകാരം ഡോ. ജതീതയെ സ്ഥലംമാറ്റി നിയമിക്കുമോ; എങ്കിൽ അവർക്ക് സ്ഥലംമാറ്റം നൽകിയോ; അവരെ മാറ്റണമെന്ന് കെ.ജി.സി.റ്റി.എ. എന്ന സംഘടന ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ ട്രാൻസ്ഫറുകൾക്ക് പൊതു ചട്ടങ്ങൾ ബാധകമാണ്.

(ബി) വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) സ്ഥലംമാറ്റം നൽകിയിരുന്നു. എന്നാൽ കെ. ജി. സി. റ്റി. എ.-യുടെ പരാതി പ്രകാരം സ്ഥലംമാറ്റം റദ്ദുചെയ്യുകയുണ്ടായി. 2006-07 അക്കാദമിക് വർഷത്തിൽ പൊതു സ്ഥലംമാറ്റത്തിനായി തിരുവനന്തപുരം ജില്ലയിൽ അപേക്ഷിച്ചിരുന്ന ആറു അദ്ധ്യാപകരിൽ അഞ്ചുപേർക്ക് അവരുടെ ഔട്ട് സ്റ്റേഷന്റെയോ സ്ഥലംമാറ്റത്തിനുള്ള പരിരക്ഷയോ അനുസരിച്ച് സ്ഥലംമാറ്റം നൽകിയിരുന്നു. ശ്രീമതി ജതീതയ്ക്ക് ഔട്ട് സ്റ്റേഷൻ സർവ്വീസ് കുറവായിരുന്നതിനാൽ സ്ഥലം മാറ്റം തൃശ്ശൂർ ഗവ. കോളേജിലേക്ക് നൽകാൻ കഴിഞ്ഞുള്ളു. എന്നാൽ 2007-2008-ലെ പൊതു സ്ഥലംമാറ്റത്തിൽ ഡോ. ജതീതയ്ക്ക് റിട്ടയർമെന്റ് ആനുകൂല്യപ്രകാരം തിരുവനന്തപുരത്ത് നിയമനം നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly